# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2501 09.03.2017-ൽ മറുപടിയ്ക്ക്

## കാട്ടുതീ തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ** | **അഡ്വ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) അതിരൂക്ഷമായ വേനൽ ചൂടും വരൾച്ചയും കാരണം കാട്ടു തീ വ്യാപിക്കുന്നതിനുള്ള സാധ്യതകൾ ഏറെയായതിനാൽ ഇത്തരം പ്രദേശങ്ങൾ മുൻകൂറായി കണ്ടെത്തി കാട്ടുതീയുടെ വ്യാപനം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടോ; | (എ) കാട്ടുതീ വ്യാപനം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിരൂക്ഷമായ ചൂടും വരൾച്ചയും കാരണം കാട്ടുതീ വ്യാപിക്കുന്നതിനുള്ള സാധ്യതകൾ ഏറെയായതിനാൽ ഓരോ ഫോറസ്റ്റ് ഡിവിഷനു കീഴിലും വരുന്ന വനമേഖലയുടെ സ്വഭാവം, മുൻവർഷങ്ങളിലെ അനുഭവം, ഈ വർഷം ഇവ കത്താനുള്ള സാധ്യത എന്നിവ കണക്കിലെടുത്ത് വനമേഖലയെ High/Moderate/Low എന്നിങ്ങനെ വിവിധ സാധ്യതാ മേഖലകളായി തരം തിരിക്കുകയും ഹോട്ട്സ്പോട്ടുകൾ അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ ഡിവിഷൻ തലത്തിലും കാട്ടുതീയെ ഫലപ്രദമായി നേരിടാനുള്ള പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഫയർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയും സർക്കിൾ തലവന്മാർ ഇവ പരിശോധിച്ച് അംഗീകരിക്കുകയും അതനുസരിച്ച് കാട്ടുതീയുടെ വ്യാപനം തടയുന്നതിന് നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. |

(ബി) വനാന്തരങ്ങളിലെ നീരുറവകളുടെ സംരക്ഷണത്തിനായി വനം വകുപ്പിന്റെ നേതൃത്വത്തിൽ കർമ്മ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) വനത്തിനകത്തുതന്നെ മഴവെള്ളം സംഭരിച്ച് നിർത്താനും അതുവഴി വനത്തിനകത്ത് ആർദ്രത നിലനിർത്താനും കാട്ടുതീയുടെ സാധ്യത കുറയ്ക്കാനും വേണ്ട നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള ജലാശയങ്ങൾ ആഴം കൂട്ടുകയും മണ്ണ് നീക്കം ചെയ്യുകയും, പുതുതായി ചെക്ക് ഡാമുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. വനാന്തരങ്ങളിലെ നീരുറവകളുടെ സംരക്ഷണത്തിനായി വനം വകുപ്പിന്റെ നേതൃത്വത്തിൽ മുന്നൂറിൽപ്പരം തടയണ/കുളങ്ങൾ വൃത്തിയാക്കുകയും ഇരുപത്തഞ്ചോളം തടയണ/കുളങ്ങളും മുപ്പതിൽപ്പരം താൽക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ലെങ്കിൽ ഇതിനായുള്ള പദ്ധതി രൂപീകരണത്തിനുള്ള നടപടികൾ സ്വീകരിക്കാമോ?

(സി) ബാധകമല്ല

**സെക്ഷൻ ഓഫീസർ**